ಮಂಡ್ಯ ಧರ್ಮಕ್ಷೇತ್ರ
DIOCESE OF MANDYA
Bishop's House, Kalenahalli P.O – 571 402, Mandya District, Karnataka, India
Phone: +91 7338657382
Bengaluru Office: Regional Pastoral Centre, Santhome Church, Hulimavu, Bannerghtta Road, Bengaluru – 560 076, Karnataka, India

Ref. M/BP/CIR/7.2025 August 21, 2025

ഇടയലേഖനം

അവരെ സത്യത്താൽ വിശുദ്ധീകരിക്കണമേ...

മിശിഹായിൽ സ്നേഹം നിറഞ്ഞ വൈദികരേ, സന്യസ്തരേ, മാതാപിതാക്കളേ, സഹോദരീ സഹോദരന്മാരേ, കുഞ്ഞുമക്കളേ,

നമ്മുടെ രൂപതയിൽ ശുശ്രൂഷ ചെയ്യുന്ന ബഹുമാനപ്പെട്ട വൈദികരുടെ വാർഷിക ധ്യാനം 2025 സെപ്റ്റംബർ 15 മുതൽ 18 വരെ ബാംഗ്ലൂർ ധർമ്മാരാം കോളേജിൽ വച്ച് നടത്തപ്പെടുകയാണ്. താമരശ്ശേരി രൂപതാംഗവും കോഴിക്കോട് ജോൺപോൾ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറുമായ ബഹുമാനപ്പെട്ട കുര്യൻ പുരമഠത്തിൽ അച്ചനാണ് ധ്യാനം നയിക്കുന്നത്. വർഷത്തിലൊരിക്കൽ, ശുശ്രൂഷാ മേഖലകളിലെ തിരക്കിൽ നിന്ന് ഒഴിഞ്ഞ്, ഏതാനും ദിനങ്ങൾ കർത്താവിന്റെ സന്നിധിയിൽ തങ്ങളുടെ പ്രാർത്ഥനാ ജീവിതത്തെ വിലയിരുത്തുവാനും ധ്യാനിക്കുവാനും ആത്മശോധന നടത്തുവാനും വൈദികർ മാറ്റിവെച്ചിരിക്കുന്ന സമയമാണ് വാർഷിക ധ്യാന ദിനങ്ങൾ. ക്രിസ്തുവുമായുള്ള ആഴത്തിലുള്ള ബന്ധമാണ് പൗരോഹിത്യ ശുശ്രൂഷയുടെ അടിസ്ഥാനം. കർണ്ണാടകയിൽ, എല്ലാവർഷവും മെത്രാൻമാർക്ക് വേണ്ടിയുള്ള ധ്യാനം വലിയ നോമ്പിൽ നടക്കാറുണ്ട്. ദൈവത്തിന്റെ കൂട്ട് വേലക്കാരായ വൈദികരുടെ വാർഷിക ധ്യാനം വിജയപ്രദമാകുവാൻ ഈ ദിവസങ്ങളിൽ നിങ്ങൾ പ്രത്യേകം പ്രാർത്ഥിക്കണം. തങ്ങളുടെ അജപാലന ശുശ്രൂഷയ്ക്ക് ആവശ്യമായ വരപ്രസാദം സ്വന്തമാക്കാനും അങ്ങനെ ഈശോയുടെ ഹൃദയത്തിനിണങ്ങിയ പുരോഹിതരായി മാറുവാനും ഈ വാർഷിക ധ്യാനം സഹായിക്കട്ടെ എന്ന് ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

എല്ലാവരെയും സ്നേഹിക്കുമ്പോഴും എല്ലാവരാലും സ്നേഹിക്കപ്പെടുമ്പോഴും ആരെയും സ്വന്തമാക്കാതെയും ആരുടെയും സ്വന്തമാകാതെയും ജീവിക്കാനാകുക എളുപ്പമല്ല. പ്രശസ്തി നേടാനും അധികാരം പ്രയോഗിച്ച് ഭരിക്കുവാനും സാഹചര്യം നിർബന്ധിക്കുമ്പോഴും ആരാലും അറിയപ്പെടാതെ ജീവിതം മുന്നോട്ടു കൊണ്ടു പോകുക ബുദ്ധിമുട്ടുള്ള കാര്യമാണ്. മറ്റുള്ളവർക്ക് ശുശ്രൂഷ ചെയ്യുന്നതിൽ സന്തോഷിക്കുവാനും ധനവും ജീവിതസൗകര്യങ്ങളും വന്നു ചേരുമ്പോൾ അതിൽ ഭ്രമിക്കാതെ ദരിദ്രരായിരിക്കുവാനും, ലാളിത്യത്തിൽ കഴിയുവാനും മനുഷ്യജീവി എന്ന നിലയിൽ അത്ര എളുപ്പമുള്ള കാര്യമല്ല. ദൈവത്തിനു മനുഷ്യനായി തീരുക എന്നത് എത്ര ക്ലേശകരമായിരുന്നുവോ, അതുപോലെ ആയാസകരമാണ് മനുഷ്യന് ദൈവമായി തീരുക എന്നതും. എന്നിരുന്നാലും തങ്ങളിൽ ഭരമേല്പിക്കപ്പെട്ട ആടുകളെ ഇടയൻ കാത്തു പരിപാലിക്കുന്നത് പോലെ വൈദികരും തങ്ങളെ ഏൽപ്പിച്ചിരിക്കുന്ന ദൈവജനത്തെ യഥോചിതം മുന്നോട്ടു നയിക്കണമെന്നതാണ് എല്ലാവരും ആഗ്രഹിക്കുന്നത്.

മനുഷ്യന്റെ സ്വാഭാവികചോദനകൾക്ക് എതിർദിശയിൽ സഞ്ചരിക്കുവാനുള്ള വിളിയായതുകൊണ്ട് പൗരോഹിത്യ ജീവിതത്തെ/ സമർപ്പിത ജീവിതത്തെ ഉദ്യോഗം എന്നതിനേക്കാൾ ദൈവവിളിയായിട്ടാണ് സഭ പരിഗണിക്കുന്നത്. ആ വിളിക്ക് പ്രത്യുത്തരം നൽകാൻ കൃപ കൂടിയേ തീരൂ. അതുകൊണ്ടാണ് യേശു ഇങ്ങനെ പ്രാർത്ഥിച്ചത്: 'ഞാൻ ലോകത്തിന്റെതല്ലാത്തത് പോലെ അവരും ലോകത്തിന്റെതല്ല. അവരെ സത്യത്താൽ വിശുദ്ധീകരിക്കണമേ'(യോഹന്നാൻ 17:16-17). അഹത്തെ നിരുപാധികം ബലി കഴിച്ച് അപര കേന്ദ്രീകൃത ജീവിതത്തിൽ തൃപ്തി കണ്ടെത്തുന്നവർക്കേ ലൗകിക ജീവിതത്തിന്റെ കാമനകളെ അതിജീവിക്കാൻ ആകൂ. അതിനായി അനുദിന ബലിയിൽ ഞങ്ങൾ നിരന്തരം പ്രാർത്ഥിക്കാറുണ്ട്. 'എനിക്കുവേണ്ടി ദൈവത്തോടുള്ള പ്രാർത്ഥനയിൽ എന്നോടൊപ്പം നിങ്ങളും ഉത്സുകരായിരിക്കണം'(റോമാ 15:30). പൗലോസ് അപ്പസ്തോലൻ തന്റെ ശുശ്രൂഷ സ്വീകരിക്കുന്ന ജനത്തോട് തനിക്ക് വേണ്ടി പ്രാർത്ഥിക്കുവാൻ ആവശ്യപ്പെടുന്ന വചനഭാഗമാണിത്. വിശുദ്ധരും

ಮಂಡ್ಯ ಧರ್ಮಕ್ಷೇತ್ರ
DIOCESE OF MANDYA
Bishop's House, Kalenahalli P.O – 571 402, Mandya District, Karnataka, India
Phone: +91 7338657382
Bengaluru Office: Regional Pastoral Centre, Santhome Church, Hulimavu, Bannerghtta Road, Bengaluru – 560 076, Karnataka, India

തീഷ്ണമതികളും ത്യാഗപൂർണ്ണരുമായ വൈദികരെ ലഭിക്കാൻ ദൈവജനത്തിന്റെ ആത്മാർത്ഥമായ പ്രാർത്ഥന ആവശ്യമാണെന്നാണ് പൗലോസ് ശ്ലീഹയും പറഞ്ഞു വയ്ക്കുന്നത്.

പുരോഹിതർ നേരിടുന്ന പ്രതിസന്ധികൾ വളരെയധികം ആന്തരികവും ആഴമേറിയതുമാണ്. നവമാധ്യമങ്ങളുടെ തള്ളിക്കയറ്റവും സോഷ്യൽ മീഡിയയുടെ അനന്തസാധ്യതകളും പൗരോഹിത്യ ജീവിതത്തിലുണ്ടാക്കുന്ന വെല്ലുവിളികളും ചെറുതല്ല. സ്വന്തമായി സ്വത്വം നിർമ്മിക്കുവാനുള്ള ആഗ്രഹം, സ്നേഹിക്കാനും സ്നേഹിക്കപ്പെടുവാനുമുള്ള ദാഹം, വെട്ടിപ്പിടിക്കുവാനും ഭരിക്കുവാനുമുള്ള അഭിവാഞ്ച എന്നിവ ഓരോ വൈദികനേയും ചുറ്റിപ്പറ്റി നിൽക്കുന്നു. ഇത്തരം ജന്മവാസനകളെ ശുദ്ധിചെയ്ത്, ബ്രഹ്മചര്യവും അനുസരണവും ദാരിദ്ര്യവും വ്രതമായി സ്വീകരിച്ച്, ദൈവജനത്തോടൊപ്പം നടന്നു കണ്ണീരൊപ്പി ചേർത്തുപിടിച്ച്, അവരുടെ ഉൽക്കർഷത്തിനും നന്മയ്ക്കുമായി മെഴുകുതിരി പോലെ സ്വയം എരിഞ്ഞു തീരുമ്പോഴാണ് പൗരോഹിത്യജീവിതം സന്തോഷകരവും ധന്യവുമായി തീരുന്നത്.

മണ്ഡ്യ രൂപതയിൽ നേരിട്ട് പ്രവർത്തിക്കുന്ന 119വൈദികരാണുള്ളത്. നമ്മുടെ രൂപതയ്ക്ക് വേണ്ടി പട്ടം സ്വീകരിച്ച് സേവനം ചെയ്യുന്നവർ 15 പേരാണ്. രൂപതയ്ക്ക് ആത്മീയ ഉണർവ്വ് നൽകി വളർച്ചയിലേക്ക് നയിക്കുന്ന നമ്മുടെ പ്രിയപ്പെട്ട വൈദികരുടെ സേവനങ്ങളെ സ്നേഹപൂർവ്വം വിലമതിക്കുന്നു. ബഹുമാനപ്പെട്ട വൈദികരോട് നിങ്ങൾ കാണിക്കുന്ന സ്നേഹത്തിനും സഹകരണത്തിനും കരുതലിനും ഹൃദയപൂർവ്വം ഞാൻ നന്ദി പറയുന്നു.

വ്യത്യസ്ത കുടുംബപശ്ചാത്തലത്തിൽ നിന്നും വരുന്നവരായതുകൊണ്ട് തന്നെ, ചിലപ്പോഴെങ്കിലും, ചുരുക്കം ചില വൈദികരുടെ പെരുമാറ്റങ്ങളിൽ നിങ്ങൾക്ക് അനിഷ്ടങ്ങൾ ഉണ്ടായേക്കാം. എങ്കിലും ചെറുപ്രായത്തിൽ തന്നെ കുടുംബത്തിന്റെ സ്നേഹ സൗഭാഗ്യങ്ങളെല്ലാം വേണ്ടെന്ന് വച്ച് പ്രേഷിതവേലയ്ക്കായി ഇറങ്ങിത്തിരിച്ചവരാണെന്ന ബോധ്യത്തോടെ, ചെറിയ– ചെറിയ കുറവുകളെ ക്ഷമിച്ച്, നമ്മുടെ സഹോദരങ്ങളെപ്പോലെ അവരെ ചേർത്തുപിടിക്കേണ്ട ഉത്തരവാദിത്വം നമുക്കുണ്ട്.

മാമ്മോദീസ വേളയിൽ കുഞ്ഞിന്റെ നെറ്റിയിൽ മൂറോൻതൈലം അഭിഷേകം ചെയ്തു കൊണ്ട് തുടങ്ങുന്നതാണ് വൈദികനും അല്മായനും തമ്മിലുള്ള ബന്ധം. ആദ്യകുർബാനയിലും സ്ഥൈര്യലേപനത്തിലും മതബോധനത്തിന്റെ ജ്ഞാന വഴികളിലും വിവാഹാശീർവ്വാദ വേളയിലും രോഗീലേപനത്തിലും മരണത്തിലും വരെ എത്തിനിൽക്കുന്ന ബന്ധമാണിത്. അപരനെ സുഖപ്പെടുത്തി സ്വയം സുഖപ്പെടുന്ന രീതി പ്രധാനമാണ്. ജനനം മുതൽ മരണം വരെയുള്ള വിവിധ ഘട്ടങ്ങളിൽ ഒരാളിൽ ആത്മീയമായി ഇടപെടാൻ അവസരം ലഭിക്കുന്ന വൈദികന്, അവരിൽ മുറിവുള്ളവരെ മനസ്സിലാക്കാനും സഹഗമിക്കാനുമുള്ള കൃപാവരം ലഭിക്കുന്നതിനായി നാം അവർക്കുവേണ്ടി നിരന്തരം ദൈവസന്നിധിയിൽ കൈകൾ ഉയർത്തണം. 'നിത്യ പുരോഹിതനായ ഈശോയെ'..... എന്ന പ്രാർത്ഥന നാം നിത്യേന ചൊല്ലണം. ഒരു കരം മനുഷ്യപുത്രനിലും മറുകരം മനുഷ്യനിലും ചേർത്തു പിടിച്ചാണ് ഒരു വൈദികൻ നടന്നു നീങ്ങേണ്ടത്. അതിനായി നമുക്കൊരുമിച്ച് പ്രാർത്ഥിക്കാം.

വാർഷിക ധ്യാന ദിനങ്ങളിൽ ഞങ്ങളെ പ്രത്യേകം ഓർത്ത് പ്രാർത്ഥിക്കണേ.
സ്നേഹപൂർവ്വം,

സെബാസ്റ്റ്യൻ പിതാവ്

ഈ സർക്കുലർ 2025, August 24–ാം തീയതി ഞായറാഴ്ച നമ്മുടെ രൂപതയിലെ എല്ലാ പള്ളികളിലും വിശുദ്ധ കുർബാന മദ്ധ്യേ വായിക്കുകയും സോഷ്യൽ മീഡിയ വഴി പരമാവധി ഷെയർ ചെയ്യാനും ശ്രദ്ധിക്കുമല്ലോ.